Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് - 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.251/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 30/01/2013

പരാമർശം:- അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 18/12/2012 ലെ അപേക്ഷ

ഉത്തരവ്

അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 66,00,000/- രൂപ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നിലവിലുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം ടി പദ്ധതി നടപ്പിലാക്കാൻ അനുവദനീയമല്ലാത്ത അവസ്ഥയുള്ളതിനാൽ ടി പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം (1) ൽ അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിൻ പ്രകാരം അഞ്ചൽ ബ്ലോക്ക് പഞ്ചായത്തിന് 2012-13 വാർഷിക പദ്ധതിയിൽ **66,00,000/- (അറുപത്തി ആറ് ലക്ഷം രൂപ)** രൂപ വകയിരുത്തി ഹൈമാസ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
**ജി.ശിവപ്രസാദ്**
അഡീഷണൽ സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.~~കെ.~~എം.
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ